**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3484** **08-10-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും വേണ്ടി സ്ഥാപിച്ചിട്ടുള്ള വിവിധ ക്ഷേമനിധി ബോർഡുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും വേണ്ടി സ്ഥാപിച്ചിട്ടുള്ള, തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന 16 ക്ഷേമനിധി ബോർഡുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു. |
| (ബി) | വിവിധ തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ പൂർണ്ണമായും ക്ഷേമനിധിയുടെ സംരക്ഷണയിൽ കൊണ്ടുവരുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) | വിവിധ തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ പൂർണ്ണമായും ക്ഷേമനിധിയുടെ സംരക്ഷണയിൽ കൊണ്ടുവരുന്നതിനുവേണ്ടി ബോർഡുകൾ സ്വീകരിച്ച നടപടികൾ അനുബന്ധം 2-ൽ ചേർക്കുന്നു |
| (സി) | ക്ഷേമനിധി ബോർഡുകൾ വഴി നൽകുന്ന സേവനങ്ങൾ പരമാവധി ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകൾ വഴി നൽകുന്ന സേവനങ്ങൾ പരമാവധി ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന് ബോർഡുകൾ സ്വീകരിച്ച നടപടി അനുബന്ധം 3-ൽ ചേർക്കുന്നു |
| (ഡി) | വിവര സാങ്കേതികവിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം? | (ഡി) | തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവര ശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇൻററ്ഫേസ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചു.<br>AIIS സോഫ്റ്റ് വെയറിന്റെ ഒന്നാംഘട്ടമായ രജിസ്ട്രേഷൻ പ്രവർത്തനസജ്ജമായിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേനയും വിവിധ ക്ഷേമനിധി ബോർഡുകളുടെ ഓഫീസുകൾ മുഖേനയും തൊഴിലാളികൾക്ക് സ്വന്തമായും രജിസ്ട്രേഷൻ നടത്തുവാൻ കഴിയുംവിധമാണ് AIIS സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുള്ളത്. പ്രസ്തുത സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടത്തിലാണ് ആനുകൂല്യ വിതരണം, പേയ്മെന്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം |

| | | | |
|---|---|---|---|
| | | | ഘട്ടത്തിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി നല്കിയിട്ടുള്ളതാണ്. AIIS സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് തൊഴിലാളികളുടെ ആനുകൂല്യ വിതരണം പ്രസ്തുത സോഫ്റ്റ് വെയർ മുഖേന നടത്താവുന്നതാണ്. അതിലൂടെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന് കഴിയുന്നതാണ്. അത് കൂടാതെ,വിവരസാങ്കേതികവിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന് ബോർഡുകൾ സ്വീകരിച്ച നടപടികൾ അനുബന്ധം 4 -ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വ രജിസ്ട്രേഷൻ AIIS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയാണ് നടത്തി വരുന്നത്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് മുഖാന്തിരം നൽകി വരുന്നു. ബോർഡിന്റെ ചീഫ് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിലേക്കുള്ള അംശാദായം ഉൾപ്പെടെയുള്ള അടവുകൾ ഓൺലൈനായി അടവാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. തൊഴിലാളികളുടെ അംശാദായം വരവ് വയ്ക്കുന്ന ബ്രോഡ്ഷീറ്റിന് സോഫ്റ്റ വെയർ രൂപീകരിച്ച് കഴിഞ്ഞു. ബോർഡിന് ഒരു വെബ്സൈറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ബീഡി വ്യവസായം പ്രതിസന്ധി നേരിടുന്നതിനാൽ പുതിയ അംഗങ്ങൾ ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നത് വളരെ പരിമിതമാണ്. നിലവിലുള്ള അംഗങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്. ഇതിലൂടെയാണ് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്. തൊഴിൽ വകുപ്പ് മുഖേനയാണ് മുൻപ് ബിൽഡിംഗ് സെസ്സ് പിരിവ് നടത്തിയിരുന്നത്. തൊഴിൽ വകുപ്പിന് മറ്റ് ജോലി ഭാരങ്ങൾ ഉള്ളതിനാൽ ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബിൽഡിംഗ് സെസ്സ് പിരിവ് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് നടപ്പിലാക്കിയതിലൂടെ ബിൽഡിംഗ് സെസ്സിനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ടി ഇനത്തിൽ വർദ്ധനവ് ഉണ്ടാകുന്ന മുറയ്ക്ക് കുടിശ്ശികയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. അതോടൊപ്പം ബോർഡിൻറെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനും കഴിയും.

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുകയും കാര്യക്ഷമമായി പ്രവർത്തിക്കുന്നുമുണ്ട്. അംഗങ്ങളുടെയും പെൻഷൻകാരുടെയും വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് വഴി നൽകിവരുന്നുണ്ട്. ഇരട്ടിപ്പ് തടയാനും, മസ്റ്ററിംഗ് നടപ്പാക്കുക വഴി മരണപ്പെട്ടവരെ ഒഴിവാക്കാനും, അനർഹർ പെൻഷൻ കൈപ്പറ്റുന്നത് തടയാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലുടനീളം ജോലിചെയ്യുന്ന ആയിരക്കണക്കിന് ചുമട്ടു തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, ക്ഷേമം, തൊഴിൽ ക്രമീകരണം, തൊഴിൽ തർക്ക പരിഹാരം, മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് 1978 ലെ ചുമട്ടു തൊഴിലാളി നിയമം, അതിനു കീഴിൽ ചട്ടങ്ങൾ പദ്ധതികൾ എന്നിവ രൂപീകരിച്ചത്. അൺ അറ്റാച്ച്ഡ്, സ്കാറ്റേർഡ്, അറ്റാച്ച്ഡ് എന്നിങ്ങനെ മൂന്ന് പദ്ധതികൾ നിലവിൽ ഉണ്ട്. ഈ മൂന്ന് പദ്ധതികളിലുമായി നിലവിൽ 45,042 തൊഴിലാളികൾ ജോലി ചെയ്ത് വരുന്നു. ടി തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസ

ആരോഗ്യ പുരോഗതി ലക്ഷ്യം വച്ച് ബോർഡ് പ്രവർത്തിക്കുന്നു. ചികിത്സ സഹായം, ആശ്രിതർക്കുള്ള വിദ്യാഭ്യാസ സഹായം, വിവാഹ ധനസഹായം വിവാഹ ഗ്രാന്റ്, പെൻഷൻ, ഭാവന വായ്പ, മരണാനന്തര സഹായം തുടങ്ങിയ 46 ഇനം ആനുകൂല്യങ്ങൾക്കായി പ്രതിമാസം ശരാശരി 15 കോടി രൂപയും അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ വേതന ഇനത്തിൽ പ്രതിമാസം ശരാശരി 60 കോടി രൂപയും ബോർഡ് വിതരണം ചെയ്ത് വരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിൽ ആനുകൂല്യ ഇനത്തിൽ 926.5 കോടി രൂപ ബോർഡ് വിതരണം ചെയ്തിട്ടുണ്ട് . കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി ചുമട്ടു തൊഴിലാളികൾ ജോലി ചെയ്തു കൊണ്ടിരുന്ന ചെറുകിട സ്ഥാപനങ്ങളിൽ നല്ലൊരു ഭാഗം അടച്ചു പൂട്ടുകയും ശേഷിക്കുന്നവ അടച്ചു പൂട്ടലിന്റെ വക്കിലുമാണ്. കച്ചവടമെല്ലാം വൻകിട സൂപ്പർമാർക്കറ്റ്/ഹൈപ്പർ മാർക്കറ്റുകൾ/ വൻകിട സ്ഥാപനങ്ങൾ എന്നിവയെ കേന്ദ്രീകരിച്ച് നടക്കുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ടി സൂപ്പർമാർക്കറ്റ്/ഹൈപ്പർ മാർക്കറ്റുകൾ/ വൻകിട സ്ഥാപനങ്ങൾ എന്നിവയിലെല്ലാം തന്നെ പദ്ധതി പ്രദേശത്താണ് സ്ഥിതി ചെയ്യുന്നതെങ്കിലും നിയമ പ്രകാരം ബോർഡിൽ രജിസ്ട്രേഷൻ നടത്തുകയോ ബോർഡിലെ തൊഴിലാളികളെ കയറ്റിറക്കിന് നിയോഗിക്കാൻ അനുവദിക്കുകയോ ചെയ്യുന്നില്ല. നിയമത്തിലുള്ള പഴുത് മൂലം പ്രധാനമായും ആക്ട് നൂതനവും സങ്കീർണ്ണവുമായ (delicate and sophisticated articles) വസ്തുക്കളുടെ കയറ്റിറക്ക് ചെയ്യുന്ന തൊഴിലാളികൾ ചുമട്ടു തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരില്ലയെന്ന നിയമത്തിലെ വ്യവസ്ഥ ചൂണ്ടിക്കാട്ടി കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ തൊഴിലുടമകൾ ബഹു.കേരള ഹൈക്കോടതിയിൽ നിന്ന് നൂറ്റി അൻപതോളം അനുകൂല വിധികൾ സമ്പാദിക്കുകയും ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിൽ വിപണി സാഹചര്യങ്ങളുടെ മാറ്റങ്ങൾക്ക് അനുസൃതമായി ചുമട്ടു തൊഴിലാളി സമൂഹത്തെ പരിഷ്കരിക്കുന്നതിനും അത് വഴി ജോലി സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും പൊതു സുമൂഹത്തിനിടയിലെ ചുമട്ടു തൊഴിലാളികളോടുള്ള മനോഭാവത്തിൽ കാതലായ മാറ്റം ഉണ്ടാക്കുന്നതിനും നൈപുണ്യ വികസനം, വ്യക്തിത്വ വികസനം, സാങ്കേതിക പരിശീലനം എന്നിങ്ങനെ വളരെ സമഗ്രവും വിപുലവുമായ പരിശീലനം നൽകി പുതിയ ചുമട്ട് തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യം മുന്നിൽകണ്ട് ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് നവശക്തി. ആലുവ ISRO യാർഡ്, ആലുവ ഗോഡൗൺ, ഇടയാർ ഇൻഡസ്ട്രിയൽ പാർക്ക്, തൃക്കാക്കര ഇൻഫോ പാർക്ക് എന്നിവിടങ്ങളിലെ 150 ചെറുപ്പക്കാരായ തൊഴിലാളികളെ തെരഞ്ഞെടുത്ത് ആരോഗ്യ പരിശീലനം, സോഫ്റ്റ് സ്കിൽ പരിശീലനം, ടെക്നിക്കൽ പരിശീലനം എന്നിങ്ങനെ മൂന്ന് മാസത്തോളം നീണ്ട പരിശീലനം നൽകുകയും, ഫോർക്ക് ലിഫ്റ്റ്, മിനി ക്രെയിൻ തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള ലൈസൻസ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബഹു. ഹൈക്കോടതിവിധിയുടെ വെളിച്ചത്തിൽ നവശക്തി സംസ്ഥാനം ഒട്ടാകെ വ്യാപിപ്പിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. നവശക്തി പദ്ധതി സംസ്ഥാനം ഒട്ടാകെ നടപ്പാക്കുന്നതിലൂടെ തൊഴിലാളികൾ സ്കിൽഡ് - സെമി സ്കിൽഡ് തലത്തിലേക്ക് ഉയരുകയും അത് വഴി അവർ നൂതനവും സങ്കീർണ്ണവുമായ സാമഗ്രികൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാകുന്നതും കൂടുതൽ പ്രൊഫഷണലായ സമീപനം ചുമട്ടു തൊഴിൽ മേഖല കൈവരിക്കുന്നതുമാണ്. ഇതിനായി രണ്ട് കോടി രൂപ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഘട്ടം ഘട്ടമായി പരിശീലനം നൽകുന്നതിന്റെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തിൽ രണ്ടായിരം തൊഴിലാളികൾക്ക് ലോജിസ്റ്റിക് സെക്ടർ സ്കിൽ കൗൺസിലുമായി സഹകരിച്ച് പരിശീലനം നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു . തൊഴിലാളികളുടെ നൈപുണ്യ വികസനത്തിനോട് ഒപ്പം ചുമട്ടു തൊഴിലാളി നിയമം ചട്ടം പദ്ധതി എന്നിവയുടെ കാലികമായ പരിഷ്കരണം കൂടി ചുമട്ടു തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമാണ്. കോടതി വിധികൾ ഐ.എൽ.ഓ കൺവെൻഷൻ എന്നിവയുടെ വെളിച്ചത്തിൽ ചുമട്ടു തൊഴിലാളി നിയമം ചട്ടങ്ങൾ പദ്ധതി എന്നിവയിൽ വേണ്ട ഭേദഗതികൾ ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ചർച്ച ചെയ്ത് അംഗീകരിക്കുകയും ആയത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൻറെ ഭാഗമായി വെബ്സൈറ്റ് രൂപീകരിക്കുകയും അംശദായവും, ആനുകൂല്യ അപേക്ഷകളും ഓൺലൈനായി സ്വീകരിച്ചു വരുകയും ചെയ്യുന്നു. അപാകതകളില്ലാത്ത അപേക്ഷകൾക്ക് സമയബന്ധിതമായി ആനുകൂല്യം അനുവദിക്കുന്നു. കൂടാതെ ബോർഡിൽ ഇ-ഓഫീസ് സംവിധാനവും പഞ്ചിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

കേരള ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്ട്രേഷനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഓൺലൈൻ സംവിധാനം മുഖേന ബന്ധിപ്പിക്കുകയും അർഹതപ്പെട്ട തൊഴിലാളികൾക്ക് കാലതാമസം കൂടാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകിവരുകയും ചെയ്യുന്നുണ്ട്.

തയ്യൽ തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും വേണ്ടി സ്ഥാപിതമായ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സർക്കാർ അനുവദിക്കുന്ന ക്ഷേമ പെൻഷൻ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ ഡി ബി റ്റി സംവിധാനം മുഖേന കൃത്യസമയത്ത് വിതരണം ചെയ്യുന്നതിനും തൊഴിലാളികൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നതിനും ക്ഷേമനിധി ബോർഡ് ശ്രദ്ധ പുലർത്തുന്നു. കൂടാതെ ഓരോ തൊഴിലാളികളുടെയും രജിസ്ട്രേഷൻ മുതൽ പെൻഷൻ വരെയുള്ള എല്ലാ കാര്യങ്ങളും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നവീകരിച്ച സോഫ്റ്റ്വെയറിലൂടെ കൃത്യമായി ചെയ്തു വരുന്നു. കൂടാതെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൻറെ ആക്ട്, പദ്ധതി എന്നിവയെക്കുറിച്ച് തൊഴിലാളികളുടെ അറിവിലേക്കായി ക്ഷേമദർപ്പണം എന്ന കൈപുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരളത്തിന്റെ സാമൂഹിക മേഖലയുടെ വളർച്ചയ്ക്കും അസംഘടിത തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹിക സുരക്ഷയും ഉറപ്പാക്കി കേരളത്തെ തൊഴിലാളി സൌഹൃദമാക്കിമാറ്റി സർവ്വതോൻമുഖമായ വികസനം ലക്ഷ്യം വച്ച് രൂപീകരിച്ചിട്ടുള്ള തൊഴിൽ നയത്തിന്റെ ഭാഗമായി അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന തൊഴിലാളി സാമൂഹ്യ അസംഘടിത സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടിയിട്ടുള്ള തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ആരോഗ്യ സംരക്ഷണം പ്രദാനം ചെയ്യുന്നതിനും തൊഴിലാളികളുടെ അവകാശങ്ങളും ആവശ്യങ്ങളും സംരക്ഷിക്കുന്നതിനും ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നയത്തിന്റെ

ഭാഗമായി വിവരസാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി ബോർഡിന്റെ പ്രവർത്തനങ്ങൾക്കുമാത്രമായി പ്രത്യേക സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്.

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളെല്ലാം തന്നെ സമയ ബന്ധിതമായി നൽകാറുണ്ട്.ബോർഡിൻറെ പ്രധാന വരുമാന മാർഗമായ സെസ്സ് ലഭിക്കുന്നതോട് കൂടി ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയും തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും വേണ്ടി ഏറ്റവും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

Sateeshth

സെക്ഷൻ ഓഫീസർ

# അനുബന്ധം 2

വിവിധ തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ പൂർണ്ണമായും ക്ഷേമനിധിയുടെ സംരക്ഷണയിൽ കൊണ്ടുവരുന്നതിനുവേണ്ടി ബോർഡുകൾ സ്വീകരിച്ച നടപടികൾച്ചുവടെ ചേർക്കുന്നു.

## 1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

സംസ്ഥാനത്തെ അബ്കാരി മേഖലയിലെ തൊഴിലാളികളെ അബ്കാരി തൊഴിലാളി ക്ഷേമനിധിയിൽ ചേർക്കുന്നതിനായി വിവിധ ബാർ സ്ഥാപനങ്ങളിൽ പരിശോധന ശക്തമാക്കി കൂടുതൽ അംഗങ്ങളെ ക്ഷേമനിധിയിലേക്ക് ചേർത്ത് വരുന്നു.

## 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് അംഗങ്ങളെ ചേർക്കുന്നതിനായി യൂണിയൻ പ്രതിനിധികളുമായി ചേർന്ന് തൊഴിലാളികൾക്കായി വില്ലേജ്/പഞ്ചായത്ത് തലത്തിൽ സിറ്റിംഗുകൾ നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ തൊഴിലാളികളെ ബോർഡിന്റെ സംരക്ഷണ പരിധിയിൽ കൊണ്ടുവരുന്നതിന് സാധിക്കുന്നുണ്ട്.

## 3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ട്രേഡ് യൂണിയന്റെ സഹായത്തോടെ രജിസ്ട്രേഷൻ നടത്തിവരുന്നു. കൂടുതൽ ആളുകളെ ഈ ക്ഷേമനിധി ബോർഡിൽ ചേർക്കുന്നതിനായി ക്യാമ്പയിനുകൾ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നു.

## 4. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

ബീഡി മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 5. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

ക്ഷേമ ബോർഡിലെ അംഗത്വത്തിന് അർഹരായ തൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുന്ന പരമാവധി തൊഴിലാളികളെ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

## 6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കശുവണ്ടി ഫാകടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ യഥാസമയം ക്ഷേമനിധി അംഗത്വം നൽകി ക്ഷേമനിധിയുടെ സംരക്ഷണയിൽ കൊണ്ടുവരുന്നു.

## 7. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ കൈത്തറി-അനുബന്ധ തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 8. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

ചൂഷിതരും അസംഘടിതരും തങ്ങളുടെ അവകാശങ്ങളെ കുറിച്ച് അജ്ഞരുമായിരുന്ന ചുമട്ടു തൊഴിലാളി സമൂഹത്തെ ഒരു കുടക്കീഴിൽ കൊണ്ടു വരാനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ചികിത്സ സഹായം, ആശ്രിതർക്കുള്ള വിദ്യാഭ്യാസ സഹായം, വിവാഹ ധനസഹായം വിവാഹ ഗ്രാന്റ്, പെൻഷൻ, ഭാവന വായ്പ, മരണാനന്തര സഹായം തുടങ്ങിയ 46 ഇനം ആനുകൂല്യങ്ങൾക്കായി പ്രതിമാസം ശരാശരി 15 കോടി രൂപയും അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ വേതന ഇനത്തിൽ പ്രതിമാസം ശരാശരി 60 കോടി രൂപയും ബോർഡ് വിതരണം ചെയ്ത് വരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിൽ ആനുകൂല്യ ഇനത്തിൽ 926.5 കോടി രൂപ ബോർഡ് വിതരണം ചെയ്തിട്ടുണ്ട് .

കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി ചുമട്ടു തൊഴിലാളികൾ ജോലി ചെയ്തു കൊണ്ടിരുന്ന ചെറുകിട സ്ഥാപനങ്ങളിൽ നല്ലൊരു ഭാഗം അടച്ചു പൂട്ടുകയും ശേഷിക്കുന്നവ അടച്ചു പൂട്ടലിന്റെ വക്കിലുമാണ്. കച്ചവടമെല്ലാം വൻകിട സൂപ്പർമാർക്കറ്റ്/ഹൈപ്പർ മാർക്കറ്റുകൾ/വൻകിട സ്ഥാപനങ്ങൾ എന്നിവയെ കേന്ദ്രീകരിച്ച് നടക്കുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ടി സൂപ്പർമാർക്കറ്റ്/ഹൈപ്പർ മാർക്കറ്റുകൾ/വൻകിട സ്ഥാപനങ്ങൾ എന്നിവയിലെല്ലാം തന്നെ പദ്ധതി പ്രദേശത്താണ് സ്ഥിതി ചെയ്യുന്നതെങ്കിലും നിയമ പ്രകാരം ബോർഡിൽ രജിസ്ട്രേഷൻ നടത്തുകയോ ബോർഡിലെ തൊഴിലാളികളെ കയറ്റിറക്കിന് നിയോഗിക്കാൻ അനുവദിക്കുകയോ ചെയ്യുന്നില്ല. നിയമത്തിലുള്ള പഴുത് മൂലം പ്രധാനമായും ആക്ട് നൂതനവും സങ്കീർണ്ണവുമായ (delicate and sophisticated articles) വസ്തുക്കളുടെ കയറ്റിറക്ക് ചെയ്യുന്ന തൊഴിലാളികൾ ചുമട്ടു തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരില്ലയെന്ന നിയമത്തിലെ വ്യവസ്ഥ ചൂണ്ടിക്കാട്ടി കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ തൊഴിലുടമകൾ ബഹു.കേരള ഹൈക്കോടതിയിൽ നിന്ന് നൂറ്റി അൻപതോളം അനുകൂല വിധികൾ സമ്പാദിക്കുകയും ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിൽ വിപണി സാഹചര്യങ്ങളുടെ മാറ്റങ്ങൾക്ക് അനുസൃതമായി ചുമട്ടു തൊഴിലാളി സമൂഹത്തെ പരിഷ്കരിക്കുന്നതിനും അത് വഴി ജോലി സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും പൊതു സുമൂഹത്തിനിടയിലെ ചുമട്ടു തൊഴിലാളികളോടുള്ള മനോഭാവത്തിൽ കാതലായ മാറ്റം ഉണ്ടാക്കുന്നതിനും നൈപുണ്യ വികസനം, വ്യക്തിത്വ വികസനം, സാങ്കേതിക പരിശീലനം എന്നിങ്ങനെ വളരെ സമഗ്രവും വിപുലവുമായ പരിശീലനം നൽകി പുതിയ ചുമട്ട് തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യം മുന്നിൽകണ്ട് ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് നവശക്തി. ആലുവ ISRO യാർഡ്, ആലുവ ഗോഡൗൺ, ഇടയാർ ഇൻഡസ്ട്രിയൽ പാർക്ക്, തൃക്കാക്കര ഇൻഫോ പാർക്ക് എന്നിവിടങ്ങളിലെ 150 ചെറുപ്പക്കാരായ തൊഴിലാളികളെ തെരഞ്ഞെടുത്ത് ആരോഗ്യ പരിശീലനം, സോഫ്റ്റ് സ്കിൽ പരിശീലനം, ടെക്നിക്കൽ പരിശീലനം എന്നിങ്ങനെ മൂന്ന് മാസത്തോളം നീണ്ട പരിശീലനം നൽകുകയും, ഫോർക്ക് ലിഫ്റ്റ്, മിനി ക്രെയിൻ തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള ലൈസൻസ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം ജില്ലാ കമ്മറ്റി പുത്തൻകുരിശ്ശ് ഉപകര്യാലയത്തിന്റെ പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്ന ആർ കെ വെൻച്വേഴ്സ് എന്ന സ്ഥാപനത്തിലെ തൊഴിൽ തർക്കവുമായി ബന്ധപ്പെട്ട് തൊഴിലുടമ ബഹു കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ പി സി നം. 4739/2024 കേസ്സിലെ വിധി പ്രകാരം നൂതനവും സാങ്കേതികവുമായ വസ്തുക്കൾ കയറ്റിറക്ക് നടത്തുന്നതിനുള്ള തൊഴിൽ വൈദഗ്ദ്യം നേടിയ രജിസ്റ്റേർഡ് പൂൾ തൊഴിലാളികളെ പദ്ധതി പ്രദേശത്ത് ഉള്ള നൂതനവും സാങ്കേതികവുമായ വസ്തുക്കൾ കയറ്റിറക്ക് നടത്തുന്നതിന് നിയോഗിക്കാം എന്ന് ബഹു കേരള ഹൈക്കോടതി നിർദേശിച്ചിട്ടുള്ളതാണ്.

ബഹു. ഹൈക്കോടതിയുടെ മേൽ വിധിയുടെ വെളിച്ചത്തിൽ നവശക്തി സംസ്ഥാനം ഒട്ടാകെ വ്യാപിപ്പിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. നവശക്തി പദ്ധതി സംസ്ഥാനം ഒട്ടാകെ നടപ്പാക്കുന്നതിലൂടെ തൊഴിലാളികൾ സ്കിൽഡ് - സെമി സ്കിൽഡ് തലത്തിലേക്ക് ഉയരുകയും അത് വഴി അവർ നൂതനവും സങ്കീർണ്ണവുമായ സാമഗ്രികൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാകുന്നതും കൂടുതൽ പ്രൊഫഷണലായ സമീപനം ചുമട്ടു തൊഴിൽ മേഖല കൈവരിക്കുന്നതുമാണ്. ഇതിനായി രണ്ട് കോടി രൂപ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഘട്ടം ഘട്ടമായി പരിശീലനം നൽകുന്നതിന്റെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തിൽ രണ്ടായിരം തൊഴിലാളികൾക്ക് ലോജിസ്റ്റിക് സെക്റ്റർ സ്കിൽ കൗൺസിലുമായി സഹകരിച്ച് പരിശീലനം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു .

തൊഴിലാളികളുടെ നൈപുണ്യ വികസനത്തിനോട് ഒപ്പം ചുമട്ടു തൊഴിലാളി നിയമം ചട്ടം പദ്ധതി എന്നിവയുടെ കാലികമായ പരിഷ്കരണം കൂടി ചുമട്ടു തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമാണ്. കോടതി വിധികൾ ഐ.എൽ.ഓ കൺവെൻഷൻ എന്നിവയുടെ വെളിച്ചത്തിൽ ചുമട്ടു തൊഴിലാളി നിയമം ചട്ടങ്ങൾ പദ്ധതി എന്നിവയിൽ വേണ്ട ഭേദഗതികൾ ചുമട്ടു

തൊഴിലാളി ക്ഷേമ ബോർഡ് ചർച്ച ചെയ്ത് അംഗീകരിക്കുകയും ആയത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .

## 9. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിവിധ തൊഴിലാളി യൂണിയനുകളുടെ സഹായത്തോടെ ആഭരണ നിർമ്മാണ മേഖലയിലെ തൊഴിലാളികളെ അംഗത്വ രജിസ്ട്രേഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

## 10. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ ഫാക്ടറികൾ, വൻകിട തോട്ടങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കെ.എസ്.ആർ.ടി.സി, ബാങ്കിംഗ് സ്ഥാപനങ്ങൾ എന്നീ തൊഴിൽ സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്യുന്നത്. ജില്ലാ ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർ ടി സ്ഥാപനങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുകയും അംശദായം സ്വീകരിക്കുമ്പോൾ തൊഴിലാളികളുടെ പേര്, ആധാർ നമ്പർ തുടങ്ങിയ വിവരങ്ങൾ അടങ്ങിയ എ-ഫോം നിർബന്ധമായും സബ്മിറ്റ് ചെയ്യേണ്ടതാണെന്നുള്ള നിർദ്ദേശം നല്കുകയും ചെയ്യുന്നു. ആയതുവഴി തൊഴിലാളികളെ പൂർണ്ണമായും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുന്നു.

## 11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

സ്വകാര്യ മോട്ടോർ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികളെയും പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനായി ബോർഡ് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്ന കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി ക്യാമ്പ് സിറ്റിംഗുകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ച് ക്ഷേമനിധിയെക്കുറിച്ചുള്ള അവബോധം തൊഴിലാളികളിൽ സൃഷ്ടിച്ചു. നിലവിൽ കുടിശ്ശികയുള്ള തൊഴിലാളികൾക്ക് കുടിശ്ശിക ഒടുക്കുന്നതിന് 2025 ഒക്ടോബർ 3 മുതൽ 31 വരെ നീണ്ടുനില്ക്കുന്ന കുടിശ്ശിക നിവാരണ ക്യാമ്പേയ്നുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

## 12. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ സെക്ഷൻ 2 (ജി) പ്രകാരം വിവിധ തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനായി മെമ്പർഷിപ്പ് ക്യാമ്പയിനുകൾ നടത്തി വരുന്നു. കൂടാതെ എല്ലാ ജില്ലകളിലും ഉപദേശക സമിതികൾ രൂപീകരിച്ച് ബോർഡിന്റെ പ്രവർത്തനം എല്ലാ തൊഴിലാളികളിലേക്കും എത്തിക്കുന്നതിനും സൗജന്യ മെഡിക്കൽ ക്യാമ്പുകൾ, നേത്ര പരിശോധന ക്യാമ്പുകൾ, ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പുകൾ, മുതലായവ നടത്തി തൊഴിലാളികൾക്കിടയിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

## 13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

ചെറുകിട തോട്ടം മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ പൂർണ്ണമായും ക്ഷേമനിധിയുടെ സംരക്ഷണയിൽ കൊണ്ടുവരുന്നതിനും, അംഗങ്ങളായവരുടെ അംശദായം, അംശദായ കുടിശ്ശിക നിവാരണത്തിനായും ജില്ല എക്സിക്യൂട്ടീവ് ഓഫീസർമാർ മുഖേന ജില്ലകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു.

## 14. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

തയ്യൽ മേഖലയിലെ തൊഴിലാളികളെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൻറെ സംരക്ഷണത്തിൽ കൊണ്ടു വരുന്നതിനായി വിവിധ ട്രേഡ് യൂണിയനുകളുടെ സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിച്ച് തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യിക്കുകയും ക്ഷേമനിധി ബോർഡ് കാലാകാലങ്ങളിൽ നൽകി വരുന്ന ആനുകൂല്യങ്ങളെക്കുറിച്ചുള്ള അവബോധം നൽകി വരികയും ചെയ്യുന്നു.

## 15. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

തൊഴിലാളികളെ ക്ഷേമനിധിയുടെ സംരക്ഷണത്തിൽ കൊണ്ടു വരുന്നതിനായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി നിയമം അദ്ധ്യായം IV ഖണ്ഡിക (28) പ്രകാരം മൂന്നുമാസത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുള്ള ഓരോ തൊഴിലാളിക്കും പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ക്ഷേമനിധി അംഗത്വം നേടുന്ന തൊഴിലാളികൾ വിരമിക്കുമ്പോൾ പ്രൊവിഡണ്ട് ഫണ്ട് അക്കൗണ്ട് അവസാനിപ്പിച്ച് ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള പി.എഫ് ക്ലോഷർ ആനുകൂല്യങ്ങൾ അനുവദിച്ചു നല്കുന്നത് കൂടാതെ സർവിസ്സ് കാലയളവിൽ തൊഴിലാളികൾക്കു ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള

നിരവധി ആനുകൂല്യങ്ങൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിരമിക്കുന്ന. തൊഴിലാളികൾക്ക് സേവന കാലയളവനുസരിച്ച് തൊഴിലാളി പെൻഷനും വിതരണം ചെയ്തു വരുന്നുണ്ട്.

## 16. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

അസംഘടിതമേഖലയിലുള്ള 114 വിഭാഗം തൊഴിലിനങ്ങളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നൽകിവരുന്നു.

Saletaath
സെക്ഷൻ ഓഫീസർ

## അനുബന്ധം 3

### 1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വ രജിസ്ട്രേഷൻ AIIS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയാണ് നടത്തി വരുന്നത്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് മുഖാന്തിരം നൽകി വരുന്നു. ബോർഡിന്റെ ചീഫ് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിലേക്കുള്ള അംശാദായം ഉൾപ്പെടെയുള്ള അടവുകൾ ഓൺലൈനായി അടവാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. തൊഴിലാളികളുടെ അംശാദായം വരവ് വയ്ക്കുന്ന ബ്രോഡ്ഷീറ്റിന് സോഫ്റ്റ് വെയർ രൂപീകരിച്ച് കഴിഞ്ഞു. ബോർഡിന് ഒരു വെബ്സൈറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് സോഫ്റ്റ് വെയർ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. സോഫ്റ്റ് വെയർ പ്രവർത്തനം പൂർണ്ണസ്ഥിതിയിലാവുന്നതോടെ തൊഴിലാളികൾക്ക് ബോർഡിലേയ്ക്കുള്ള അംശാദായം ഓൺലൈനായി അടവാക്കുന്നതിനും ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങളും മറ്റ് സേവനങ്ങളും ആയതിലൂടെ ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് പൂർണ്ണമായും ബോർഡിനെ മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

### 3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടില്ല. നിലവിൽ തൊഴിലാളികൾക്ക്

അംഗത്വമെടുക്കുന്നതിനായി കെൽട്രോൺ രൂപ കൽപ്പന ചെയ്ത എ.ഐ.ഐ എസ് എന്ന സോഫ്റ്റ് വെയർ മുഖേന തൊഴിലാളികൾക്ക് അവരവരുടെ സ്ഥലങ്ങളിലുള്ള അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈൻ ആയി അംഗത്വ ഫീസ് അടക്കുന്നതിനും രജിസ്ട്രേഷൻ ചെയ്യുന്നതിനും സാധ്യമാണ്. അങ്കമാലിയിലുള്ള ഈ ഓഫീസിലേക്ക് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തൊഴിലാളികൾ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട് ഇതുവഴി പരിഹരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ തൊഴിലാളികളുടെ അപേക്ഷകൾ ഓൺലൈൻ ആയും, നവമാധ്യമമായ വാട്സ്ആപ്പ് വഴിയും അയച്ചു തരുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

4. **കേരള ബീഡി–ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

ബോർഡ് വഴി നൽകുന്ന ആനുകൂല്യ വിതരണം ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് (DBT) വിതരണം ചെയ്തു വരുന്നത് . അതോടൊപ്പം അംഗത്വ രജിസ്ട്രേഷൻ AIIS സോഫ്റ്റ്വെയർ മുഖേനയും നിലവിൽ നടത്തി വരുന്നു

5. **കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിൽ നിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ ഓൺലൈൻ മുഖേനയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി NIC–യെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആദ്യഘട്ടമായി സെസ്സ് മൊഡ്യൂൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

6. **കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

ബോർഡിലെ അംഗത്വ രജിസ്ട്രേഷൻ AIIS സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയാണ് നിലവിൽ നടത്തി വരുന്നത് . കൂടാതെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് മുഖാന്തിരം നൽകി വരുന്നു. ബോർഡിന്റെ ചീഫ് ഓഫീസിൽ ഇ–ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

7. **കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യങ്ങൾ പൂർണ്ണമായും ഓൺലൈൻ ആയാണ് നൽകുന്നത്. അംഗത്വ രജിസ്ട്രേഷനും ഓൺലൈൻ ആയി ചെയ്യുന്നുണ്ട്.

8. <u>**കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്**</u>

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിവര സാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും ഫലപ്രദവുമായി നടപ്പാക്കുന്നതിനു താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. ക്ഷേമാനുകൂല്യങ്ങൾ കാര്യക്ഷമമായും സുതാര്യമായും വിതരണം ചെയുന്നതിന് 2023 ജനുവരി മുതൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൻറെ ആസ്ഥാന ഓഫീസിലും 2023 ഏപ്രിൽ മുതൽ ജില്ലാ–സബ് ഓഫീസുകളിലും സമ്പൂർണ്ണ ഇ-ഓഫീസ് നടപ്പിലാക്കി.

2. തൊഴിലാളികളുടെ വേതനം, പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, ക്ഷേമാനുകൂല്യങ്ങൾ എന്നിവ വിതരണം ചെയുന്നതിനായും, ക്ഷേമബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങളും ഉൾകൊള്ളുന്ന സോഫ്റ്റ്‌വെയർ, മൊബൈൽ ആപ്പ് എന്നിവ വികസിപ്പിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫെബ്രുവരി 2026–ൽ ആയത് പൂർണമായും പ്രവർത്തന സജ്ജമാകും.

<u>**9. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**</u>

ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകുന്ന സേവനനങ്ങൾ ഓൺ ലൈൻ മുഖേന നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പിന് കീഴിലെ AIIS സ്സോഫ്റ്റ് വെയർ മുഖേന അംഗങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് വരുന്നു.

**10. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ വെബ്സൈറ്റ് നിലവിലുള്ളതിനാൽ എല്ലാ സേവനങ്ങളും (ആനുകൂല്യ അപേക്ഷകൾ സ്വീകരിക്കുക, അംശദായം സ്വീകരിക്കുക തുടങ്ങിയവ) ഓൺലൈനായി നടത്തിവരുന്നു.

**11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

ബോർഡിന്റെ പ്രവർത്തനങ്ങളും ബോർഡു വഴി നല്കുന്ന സേവനങ്ങളും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**12. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കായി സർക്കാർ സ്ഥാപനമായ കെൽട്രോൺ രൂപകൽപന ചെയ്ത I-welfare software മുഖേന അംഗത്വ രജിസ്ട്രേഷൻ, അംശദായം അടവാക്കൽ, പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യ വിതരണം എന്നിവ ഓൺലൈനായി നൽകി വരുന്നു.

**13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ പ്രവർത്തനം സുതാര്യമായി നടത്തുന്നതിന് 'http://plantationworker.kerala.gov.in' എന്ന ഓൺലൈൻ പോർട്ടൽ സംവിധാനം ഉപയോഗിച്ച് വരുന്നു. അംഗങ്ങളുടെ രജിസ്ട്രേഷൻ, മറ്റ് ആവശ്യങ്ങൾക്കായി എ.ഐ.ഐ.എസ് സോഫ്റ്റ്‌വെയർ സംവിധാനം നിലവിലുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾക്കായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ 'E- office' സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**14. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ട മുഴുവൻ സേവനങ്ങളും ഓൺലൈൻ മുഖേന നടപ്പിലാക്കി വരുന്നു.

15. **കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകിവരുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് ഓൺലൈൻ സംവിധാനത്തിൽ കൂടെയാണ്. 2020 നവംബർ മാസം മുതൽ DBT സംവിധാനം ഉപയോഗിച്ച് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്ന രീതിയാണ് ബോർഡിൽ അവലംബിച്ച് വരുന്നത്. ബോർഡിൻ്റെ സോഫ്റ്റ്‌വെയർ അപ്ഗ്രഡേഷൻ നടക്കുകയാണ്. ആയത് പൂർത്തിയാവുമ്പോൾ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനും അത് വഴി ആനുകൂല്യ വിതരണം വേഗത്തിലാക്കുന്നതിനും സാധിക്കുന്നതാണ്.

16. **കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും ആനുകൂല്യം അടക്കമുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായും സൗകര്യത്തോടും പൂർത്തിയാക്കുന്നതിനും പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനായി തനത് സോഫ്റ്റ് വെയർ സജ്ജമാക്കിയിട്ടുണ്ട്.

Sd/-
സെക്ഷൻ ഓഫീസർ

## അനുബന്ധം 4

### 1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വ രജിസ്ട്രേഷൻ AIIS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയാണ് നടത്തി വരുന്നത്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് മുഖാന്തിരം നൽകി വരുന്നു. ബോർഡിന്റെ ചീഫ് ഓഫീസിൽ ഇ–ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിലേക്കുള്ള അംശാദായം ഉൾപ്പെടെയുള്ള അടവുകൾ ഓൺലൈനായി അടവാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. തൊഴിലാളികളുടെ അംശാദായം വരവ് വയ്ക്കുന്ന ബ്രോഡ്ഷീറ്റിന് സോഫ്റ്റ് വെയർ രൂപീകരിച്ച് കഴിഞ്ഞു. ബോർഡിന് ഒരു വെബ്സൈറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുതാര്യമായി നടത്തുന്നതിനായി ബോർഡിന്റെ തനത് സോഫ്റ്റ് വെയർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. പ്രവർത്തനങ്ങൾ ആയതിന്റെ അവസാനഘട്ടത്തിലാണ്. സോഫ്റ്റ് വെയർ പ്രവർത്തനം പൂർണ്ണസ്ഥിതിയിലാവു ന്നതോടെ തൊഴിലാളികൾക്ക് ബോർഡിലേയ്ക്കുള്ള അംശാദായം ഓൺലൈനായി അടവാക്കുന്നതിനും ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങളും മറ്റ് സേവനങ്ങളും ആയതിലൂടെ ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്.

### 3.കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടില്ല. നിലവിൽ തൊഴിലാളികൾക്ക് അംഗത്വ മെടുക്കുന്നതിനായി കെൽട്രോൺ രൂപ കൽപ്പന ചെയ്ത എ ഐ ഐ എസ് എന്ന സോഫ്റ്റ് വെയർ മുഖേന തൊഴിലാളികൾക്ക് അവരവരുടെ സ്ഥലങ്ങളിലുള്ള അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈൻ ആയി അംഗത്വ ഫീസ് അടക്കുന്നതിനും രജി സ്ട്രേഷൻ ചെയ്യുന്നതിനും സാധ്യമാണ്. അങ്കമാലിയിലുള്ള ഈ ഓഫീസിലേക്ക് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തൊഴിലാളികൾ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട് ഇതുവഴി പരിഹരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ തൊഴിലാളികളുടെ അപേക്ഷകൾ ഓൺലൈൻ

ആയും,. നവമാധ്യമമായ വാട്സ്ആപ്പ് വഴിയും അയച്ച തരുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

**4. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

അംഗത്വ രജിസ്ട്രേഷൻ AIIS സോഫ്റ്റ്‌വെയർ മുഖേന നിലവിൽ നടത്തി വരുന്നു.

**5. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ബോർഡിന്റെ മുഴുവൻ പ്രവർത്തനങ്ങളും ഓൺലൈൻ മുഖേനയാക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു. NIC യെയാണ് ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. തൊഴിലാളികളുടെ രജിസ്ട്രേഷൻ, ആനുകൂല്യ വിതരണം, പെൻഷൻ വിതരണം, ബിൽഡിംഗ് സെസ്സിനത്തിൽ തുക ഒടുക്കൽ എന്നിവയെല്ലാം ഉൾപ്പെട്ട സോഫ്റ്റ് വെയറാണ് വികസിപ്പിക്കുന്നത്. ബോർഡിന്റെ വെബ് സൈറ്റും പ്രവർത്തനസജ്ജമാണ്.

**6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ മുഖ്യകാര്യാലയത്തിൽ 01/01/2024 മുതൽ ഇ ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ ഇ ഓഫീസ് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**7. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യങ്ങൾ പൂർണ്ണമായും ഓൺലൈൻ ആയാണ് നൽകുന്നത്. അംശദായം ഓൺലൈനായി അടക്കുന്നതിനും, ദ്വയാംഗത്വം തടയുന്നതിനും, എല്ലാ ക്ഷേമനിധി ബോർഡുകൾക്കുമായി പൊതുവായി തൊഴിൽ വകുപ്പ് രൂപീകരിച്ച അഡ്വാൻസ്ഡ് ഇൻഫർമേഷൻ സിസ്റ്റം (AIIS) എന്ന സോഫ്റ്റ്‌വെയർ വഴിയാണ് അംഗത്വ രജിസ്ട്രേഷൻ പൂർണ്ണമായും നടത്തിവരുന്നത്. സേവന എന്ന ആധാർ അധിഷ്ഠിത സർക്കാർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയാണ് പെൻഷൻ നൽകുന്നത്. അതുകൊണ്ടുതന്നെ ഇരട്ടിപ്പ് തടയാനും,

മസ്റ്ററിംഗ് നടപ്പാക്കുക വഴി മരണപ്പെട്ടവരെ ഒഴിവാക്കാനും, അനർഹർ പെൻഷൻ കൈപ്പറ്റുന്നത് തടയാനും സാധിച്ചു.

**8.കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിവര സാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും ഫലപ്രദവുമായി നടപ്പാക്കുന്നതിനു താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. ക്ഷേമാനുകൂല്യങ്ങൾ കാര്യക്ഷമമായും സുതാര്യമായും വിതരണം ചെയുന്നതിന് 2023 ജനുവരി മുതൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൻറെ ആസ്ഥാന ഓഫീസിലും 2023 ഏപ്രിൽ മുതൽ ജില്ലാ-സബ് ഓഫീസുകളിലും സമ്പൂർണ്ണ ഇ-ഓഫീസ് നടപ്പിലാക്കി.

2. തൊഴിലാളികളുടെ വേതനം, പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, ക്ഷേമാനുകല്യങ്ങൾ എന്നിവ വിതരണം ചെയുന്നതിനായും, ക്ഷേമബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങളും ഉൾകൊള്ളുന്ന സോഫ്റ്റ്‌വെയർ, മൊബൈൽ ആപ്പ് എന്നിവ വികസിപ്പിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫെബ്രുവരി 2026 ൽ ആയത് പൂർണമായും പ്രവർത്തന സജ്ജമാകും.

**9. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

വിവരസാങ്കേതികവിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന് എ ഐ ഐ എസ് സോഫ്റ്റ് വെയർ മുഖേന തൊഴിലാളികളുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയും അംഗത്വ രജിസ്ട്രേഷൻ അപേക്ഷകൾ ഓൺ ലൈൻ മുഖേന സ്വീകരിക്കുകയും ചെയ്ത് വരുന്നു.

**10.കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ വെബ്സൈറ്റ് നിലവിലുള്ളതിനാൽ എല്ലാ സേവനങ്ങളും (ആനുകൂല്യ അപേക്ഷകൾ സ്വീകരിക്കുക, അംശദായം സ്വീകരിക്കുക തുടങ്ങിയവ ) ഓൺലൈനായി നടത്തിവരുന്നു.

**11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

പുതിയ സോഫ്റ്റ് വെയർ സജ്ജമാക്കുന്നതിൻ്റെ അവസാനഘട്ടത്തിലാണ്. ഈ സോഫ്റ്റ് വെയർ നിലവിൽ വരുന്നതോടെ വിവരസാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി തൊഴിലാളികളുടെ രജിസ്ട്രേഷൻ, ആനുകൂല്യ വിതരണം മുതലായ എല്ലാ സേവനങ്ങളും പൂർണ്ണമായും ഓൺലൈൻ മുഖേന അതിവേഗം സാധ്യമാകുന്നതാണ്.

**12. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

വിവര സാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി കേരള ഷോപ്പ്സ് ആന്റ്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ സേവനങ്ങളെല്ലാം ബോർഡിന് വേണ്ടി രൂപകൽപന ചെയ്ത l-welfare software മുഖേന ഓൺലൈനായാണ് നൽകി വരുന്നത്. കൂടാതെ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്ന തിന്റെ ഭാഗമായി Mobile App സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

**13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ പ്രവർത്തനം സുതാര്യമായി നടത്തുന്നതിന് 'http://plantationworker.kerala.gov.in' എന്ന ഓൺലൈൻ പോർട്ടൽ സംവിധാനം ഉപയോഗിച്ച് വരുന്നു. അംഗങ്ങളുടെ രജിസ്ട്രേഷൻ, മറ്റ് ആവശ്യങ്ങൾക്കായി എ.ഐ.ഐ.എസ്

സോഫ്റ്റ്‌വെയർ സംവിധാനം നിലവിലുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾക്കായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ 'e office' സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**14. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2017 മുതൽ രജിസ്ട്രേഷനും, 2019 മുതൽ പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങളും ബോർഡിൻറെ തനത് സോഫ്റ്റ് വെയർ മുഖേന വിതരണം ചെയ്തു വരുന്നു. കൂടാതെ തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങളുടെ സ്വകാര്യതയ്ക്ക് ഒ റ്റി പി സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്.

**15. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സോഫ്ട്‌വെയറിന്റെ അപ്ഗ്രഡേഷൻ പുരോഗമിച്ചു വരുകയാണ്. ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി നൂതനമായ രീതിയൽ ആണ് പുതിയ സോഫ്ട്‌വെയറിൻറെ വികസനം വിഭാവനം ചെയ്തു 2. Aadhar integration, Treasury/Bank integration, SMS facility, Digi Locker integration, Mobile apps തുടങ്ങി എല്ലാ ആധുനിക സംവിധാനങ്ങളും പുതിയ സോഫ്ട്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**16. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്**

ക്ഷേമനിധി പ്രവർത്തനങ്ങൾ ഫലപ്രദവുമായി ബോർഡുകളുടെ കൂടുതൽ കാര്യക്ഷമവും നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള നയത്തിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി ഈ ബോർഡിന്റെ പ്രവർത്തനങ്ങൾക്കുമാത്രമായി പ്രത്യേക സേഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. പദ്ധതിയിൽ കൂട്ടിച്ചേർത്തിട്ടുള്ള മുൻകാലപദ്ധതികളിൽ അംഗത്വം നേടിയിട്ടുള്ളതും നിലവിൽ പ്രവർത്തന നിരതമായിട്ടുള്ള കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ പുതുതായി അംഗത്വം നേടിയ തൊഴിലാളികളും ഉൾപ്പെടെ സംസ്ഥാനത്തെ അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന ഏകദേശം മൂന്ന് ലക്ഷത്തോളം വിശദാംശങ്ങൾ സംവിധാനത്തിലൂടെ 6303 തൊഴിലാളികളുടെ ഏകീകൃത ഇലക്ട്രോണിക് ഡേറ്റായുടെ രൂപത്തിൽ ശേഖരിച്ച് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ രേഖകൾ ആവശ്യമുള്ള സമയങ്ങളിൽ വീണ്ടെടുത്ത് ആനുകൂല്യം അടക്കമുള്ള പ്രവർത്തനങ്ങൾ സൌകര്യത്തോടുംകൂടി ഫലപ്രദമായും പൂർത്തിയാക്കുന്നതിനായി മേൽ സൂചിപ്പിച്ച സോഫ്റ്റ് വെയറിന്റെ പ്രയോജപ്പെടുത്തി വരികയാണ്. സേവനം കൂടാതെ അംഗത്വം

വർദ്ധിപ്പിക്കൽ, അംശദായ അംഗങ്ങളുടെ അടിസ്ഥാന സ്വീകരിക്കൽ, കുടിശ്ശിക നിവാരണം, ആധാർ അധിഷ്ഠിത വിവരങ്ങൾ. അംശദായം രജിസ്ട്രേഷൻ, വിപുലമായ എണ്ണം ഇടപാടുകളും ആനുകൂല്യവിതരണം എന്നിവ പൂർണ്ണമായും ഓൺലൈൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട് സമയം കൃത്യതയോടും ഡെബിറ്റ്/ക്രെഡിറ്റ് ഉപഭോഗം. റീഫണ്ട് സംവിധാനം, ഇടപാടുകളുടെ റദ്ദാക്കൽ, വ്യാജ ഇടപാടുകൾ കണ്ടെത്തുന്നതിനും നെഗറ്റീവ് ഡേറ്റാ ബേസ് കണ്ടെത്തി ആയത് പരിഹരിക്കുന്നതിനും തുക ഒടുക്കുന്ന ദിവസം തന്നെ പൂളിംങ് അക്കൌണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനും ഇടപാടുകൾ സംബന്ധിച്ച ആവശ്യമായ MIS റിപ്പോർട്ട് അന്നേ ദിവസം തയ്യാറാക്കുന്നതിനുള്ള സൌകര്യം ഫെഡറൽ ബാങ്ക് മുഖേന സജ്ജീകരിച്ചിട്ടുണ്ട്. തദ്ദേശികമായി പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രം പൊതുസേവനകേന്ദ്രങ്ങൾ (കോമൺസർവ്വീസ് സെൻറർ) ഓൺലൈൻ സേവനങ്ങൾ പ്രധാനം ചെയ്യുന്ന കംമ്പ്യൂട്ടർ സെന്ററുകൾ മുതലായവ മുഖേന അംശദായം ഒടുക്കുന്നതിന് സൌകര്യം ലഭ്യമാകുന്നതാണ്.

Sreelatha

സെക്ഷൻ ഓഫീസർ